## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 937** | **08-01-2014-ൽ മറുപടിക്ക്**

## കോഴിക്കോട് ജലവിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| കേരള വാട്ടർ അതോറിറ്റിയുടെ 30-4-2013 -ലെ ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം കോഴിക്കോട് ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയുടെ തകരാറായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2500 ലക്ഷം രൂപയുടെ ഭരണാനുമതി 30.9.2009-ൽ നൽകി. അതുപ്രകാരം 118 കി.മീ. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടതിൽ 54 കി.മീ. മാറ്റി സ്ഥാപിച്ചു. തിരക്കേറിയ റോഡുകളിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാലും ചില ടെണ്ടറുകളിൽ പ്രാതിനിധ്യം ഇല്ലാത്തതിനാലും മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കാൻ സാധിച്ചില്ല. ബാക്കി പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ നടന്നുവരുന്നു. ബഹു. മുഖ്യമന്ത്രി, ബഹു. മന്ത്രി ശ്രീ. എം.കെ. മുനീർ, ശ്രീ. പ്രദീപ് കുമാർ എം.എൽ.എ. എന്നിവരുടെ നേതൃത്വത്തിൽ നടന്ന വിവിധ യോഗങ്ങളിൽ എടുത്ത തീരുമാനപ്രകാരം നേരത്തെ ഭരണാനുമതി നൽകിയതിനു പുറമേ താഴെ പറയുന്ന പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. റിവൈസ്ഡ് എസ്റ്റിമേറ്റിന് കേരള വാട്ടർ അതോറിറ്റി 12.06.2013-ന് 25 കോടി രൂപയ്ക്ക് പുതിയ ഭരണാനുമതി നൽകുകയും |

ചെയ്തു (അനുബന്ധം I ആയി ചേർത്തിരിക്കുന്നു). അതിൻപ്രകാരമുള്ള പണികൾ താഴെ കൊടുത്തിരിക്കുന്നു.

1) മാവൂർ, കുറ്റിക്കാട്ടൂർ, മൂഴിക്കൽ, പൂളക്കടവ് എന്നീ പമ്പ് ഹൗസുകളിലെ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി.

2) ബീച്ച് റോഡ്-പാറോപ്പടി കണ്ണാടിക്കൽ റോഡ്-ഫ്ലോറിക്കൽ റോഡ്-കാരപ്പറമ്പ് റോഡ് എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി.

3) മാവൂർ-തെങ്ങിനക്കടവ് ഭാഗങ്ങളിലെ പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി.

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ക്രമനമ്പർ (2) ആയിട്ടുള്ള ബീച്ച് റോഡ്, ഫ്ലോറിക്കൽ റോഡ്-കാരപ്പറമ്പ് റോഡ് എന്നീ സ്ഥലങ്ങളിലെ തകരാറായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ, കോഴിക്കോട് പ്രോജക്ട് ഡിവിഷനാണ് നടപ്പിലാക്കി വരുന്നത്.

ബീച്ച് റോഡ്, ഫ്ലോറിക്കൽ റോഡ്-പാറോപ്പടി റോഡുകളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തു കഴിഞ്ഞു.

JICA പദ്ധതിയിൻ കീഴിൽ നിലവിലുള്ള പ്രിമോ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഉൾ പ്പെടുത്തിയതുകൊണ്ട് ഫ്ലോറിക്കൽ റോഡ്-കാരപ്പറമ്പ് റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല. കോഴിക്കോട് പ്രോജക്ട് ഡിവിഷന്റെ കീഴിൽ 614.64 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതേവരെ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ക്രമനമ്പർ (1), (3) പദ്ധതികൾ കോഴിക്കോട് P.H. ഡിവിഷന്റെ കീഴിലാണ് നടപ്പിലാക്കിവരുന്നത്. അതിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്